കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മുളക്കുഴ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എ.എൽപി/പി.5/146/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ ജില്ല

തീയതി. 08.02.19
ഫോൺ – 0477 2252753
ഇ-മെയിൽ – ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മുളക്കുഴ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മുളക്കുഴ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*******************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രിക യുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെഎസ്.എ/എഎൽപി/പി.5/146/2019 തീയതി:08.02.209

## ആലപ്പുഴ ജില്ലയിലെ മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ മുളക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.10.2017 മുതൽ 30.11.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി. ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 21.12.2018 മുതൽ 31.12.2018 വരെ | ശ്രീ.വി.കെ.രഞ്ജീവ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീമതി.ദീപ.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.സുഷ.റ്റി.പിള്ള, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. സുനിൽ കുമാർ.ജി, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി.രശ്മി രവീന്ദ്രൻ | 01.04.2017 മുതൽ 31.03.2018 വരെ |

2) സെക്രട്ടറി

| | |
|---|---|
| ശ്രീ . സുനിൽകുമാർ | 01.04.2017 മുതൽ 31.03.2018 വരെ |

3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ.എൻ.എ.രവീന്ദ്രൻ | 01.04.2017 മുതൽ 31.03.2018 വരെ |
| 2 | വികസനകാര്യം | ശ്രീമതി. ഗിരിജാ വിജയകുമാർ | 01.04.2017 മുതൽ 31.03.2018 വരെ |
| 3 | ക്ഷേമകാര്യം | ശ്രീ.പി.ആർ.വിജയകുമാർ | 01.04.2017 മുതൽ 31.03.2018 വരെ |
| 4 | ആരോഗ്യകാര്യം വിദ്യാഭ്യാസകാര്യം | ശ്രീമതി.കെ.ആർ.രാധാഭായി | 01.04.2017 മുതൽ 31.03.2018 വരെ |

4. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീ.ബെൻജി ഡാനിയേൽ | 01.04.2017 മുതൽ 31.03.2018 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.ജ്യോതിഷ് ബാബു | 01.04.2017 മുതൽ 31.03.2018വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ധന്യ | 01.04.2017 മുതൽ 31.03.2018വരെ |
| 4 | മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി) | ഡോ.ഉഷ | 01.04.2017 മുതൽ 31.03.2018 വരെ |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ശ്രീജ | 01.04.2017 മുതൽ 31.03.2018വരെ |
| 6 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ബീന | 01.04.2017 മുതൽ 31.03.2018വരെ |
| 7 | ഹെഡ്മിസ്ട്രസ്സ് ഗവ.യു.പി.എസ്. | ശ്രീമതി.ജെസ്സി | 01.04.2017 മുതൽ 31.03.2018വരെ |

| | | | |
|---|---|---|---|
| 8 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.സുരേഷ് കുമാർ | 01.04.2017മുതൽ 18.10.2017 വരെ |
| | | ശ്രീ.സുജിത് രാജൻ | 19.10.2017 മുതൽ 31.03.2018 വരെ |
| 9 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ലാലി | 01.04.2017 മുതൽ 19.07.2017 വരെ |
| | | ശ്രീ.ആരിഫ് ഖാൻ | 20.07.2017 മുതൽ 31.03.2018 വരെ |
| | | ശ്രീ.അനിൽ.ജി | 01.04.2017 മുതൽ 31.03.2018 വരെ |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ഇ.ആർ.ഓമനയമ്മാൾ | 01.04.2017 മുതൽ 31.03.2018 വരെ |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.രജിമോൾ | 01.04.2017 മുതൽ 31.03.2018 വരെ |


ഉള്ളടക്കം

| ക്രമ നം. | ഖണ്ഡിക നം. | ഇനം |
|---|---|---|
| ഭാഗം - 1 | | |
| 1 | 1-1മുതൽ 1-11 വരെ | പൊതു അവലോകനം |
| ഭാഗം - 2 | | |
| 2 | 2-1 | ഡി & ഒ ലൈസൻസ് സംബന്ധിച്ച അപാകതകൾ |
| 3 | 2-2 | തൊഴിൽ നികുതി/സ്ഥാപന നികുതി ഈടാക്കിയില്ല |
| 4 | 2-3 | വസ്തുനികുതി സംബന്ധമായ അപാകതകൾ |

| | | |
|---|---|---|
| 5 | 2-4 | തനത് വരുമാനം മുഴുവൻ സേവിംഗ്സ് ബാങ്ക് നിക്ഷേപം - പലിശയിനത്തിൽ വരുമാനനഷ്ടം |
| ഭാഗം – 3 | | |
| 6 | 3-1 | (i) ടാർവില:38082രൂപ തിരികെ വാങ്ങിയില്ല. (ii)ടാർ വില ഈടാക്കിയില്ല |
| 7 | 3-2 | പൂർത്തിയാകാത്ത നിക്ഷേപപ്രവൃത്തികൾ |
| 8 | 3-3 | മരുന്ന് ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് |
| 9 | 3-4 | ലൈഫ് പദ്ധതി വീട്പണി നടത്തിയില്ല : മുൻകൂർ തുക തിരികെ ഈടാക്കേണ്ടതാണ് |
| 10 | 3-5 | വീട് വാസയോഗ്യമാക്കൽ പണി പൂർത്തിയാക്കിയില്ല : ചെലവ് തടസ്സപ്പെടുത്തുന്നു |
| 11 | 3-6 | അനധികൃത കെട്ടിടത്തിന്റെ മേൽക്കൂര മാറ്റിപ്പണിതതിന് നല്കിയ സബ്സിഡി അനുവദിക്കാനാകില്ല |
| 12 | 3-7 | സ്കൂൾ അധികൃതർ നല്കുന്ന സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ആനുകൂല്യം നല്കി |
| 13 | 3-8 | പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി വിദ്യാർത്ഥികൾക്ക് ആനുകൂല്യം നല്കി |
| 14 | 3-9 | പ്രളയം:കാർഷിക മേഖലയിലെ 28.34ലക്ഷത്തിന്റെ പ്രോജക്ടുകൾക്ക് ചെലവ് രേഖയില്ല |
| 15 | 3-10 | ആയുർവേദാശുപത്രിക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ യഥാസമയം ലഭിച്ചില്ല |
| 16 | 3-11 | തൊഴിൽ രഹിത വേതന വിതരണം സംബന്ധിച്ച അപാകതകൾ |
| ഭാഗം – 4 | | |
| 17 | 4-1മുതൽ<br>4-9 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 18 | അനുബന്ധം.1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 19 | അനുബന്ധം.2 | |

## ഭാഗം 1

## പൊതു അവലോകനം

# 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 27.03.2017ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 164977978 | 139740439 |
| വാർഷിക കണക്ക് പ്രകാരം | 67159408 | 72423189 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 24.04.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ, തീയതി |
|---|---|
| 2017-18 | കെ.എസ്.എ/എ.എൽ.പി/ജിഎ.4-1126(52)/2018തീയതി.03.07.18 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 23352818 |
| വരവ് | 67159408 |
| ആകെ | 90512226 |
| ചെലവ് | 72423189 |
| നീക്കിയിരുപ്പ് | 18089037 |

## 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 16485500 | 16485500 | 12316565 | 4168935 |
| വികസനഫണ്ട് എസ്.സി.പി. | 2316660 (Q Bill) | 12670259 | 14986919 | 7257099 | 7729820 |
| വികസനഫണ്ട് ടി.എസ്.പി. | - | - | - | - | - |
| സംരക്ഷണഗ്രാന്റ് റോഡ് | | 12432000 | 12432000 | 6542941 | 5889059 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 3326000 | 3326000 | 2031890 | 1294110 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3636356 | 6979572 | 10615928 | 6177106 | 4438822 |

| | | | | | |
|---|---|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ് | | 3578209 | 3578209 | 3495886 | 82323 |
| എൻ.ആർ.ഇ.ജി.എസ് | 84384 | 895807 | 980191 | 936361 | 43830 |
| ട്രഷറി ഓൺഫണ്ട് | 12102617 | 10380000 | 22482617 | 20964094 | 1518523 |
| സാക്ഷരത | 101644 | 3939 | 105583 | 29 | 105554 |
| തനതുഫണ്ട് | 10159414 | 15180491 | 25339905 | 11292428 | 14047477 |
| സാനിട്ടേഷൻ | 534958 | 19927 | 555005 | 120 | 554885 |

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 192 | 96216429 | 125 | 44110956 | 25 | 67 | 65.1 |

പശ്ചാത്തല മേഖലയിൽ പ്രോജക്ടുകൾ നടപ്പാക്കുന്നില്ല

സർക്കാർഫണ്ടുകളും അംഗീകരിച്ച പ്രോജക്ടുകളും ഉണ്ടായിട്ടും പശ്ചാത്തല മേഖലയിൽ പ്രോജക്ടുകൾ നടപ്പാക്കുന്നില്ല.

17-18ൽ 101 പ്രോജക്ടുകൾ അംഗീകരിച്ചു. ഇതിൽ 34പ്രോജക്ടുകൾ മാത്രമാ ണ് നടപ്പാക്കിയത്. നടപ്പാക്കിയ പ്രോജക്ടുകൾ 33.67%.

പ്രോജക്ടുകൾ നടപ്പാക്കുന്നതിലെ വീഴ്ചപോലെ ചെലവഴിക്കുന്ന സർക്കാർ ഫണ്ടുകളിലും വലിയ കുറവുണ്ട്.101 പ്രോജക്ടുകൾക്ക് 39106069രൂപ വകയിരുത്തിയിരുന്നു. ഇതിൽ 13045533 രൂപയാണ് ചെലവഴിക്കാനായത്. ഇത് ആകെ വകയിരുത്തിയതിന്റെ 33.35% മാത്രം.

പശ്ചാത്തല മേഖലയിലെ പദ്ധതി നിർവഹണത്തിൽ വലിയ ദൗർബല്യങ്ങൾ പ്രകടമാണ് എന്നത് അടിവരയിടുന്നതാണ് മുകളിലത്തെ സ്ഥിതിവിവരങ്ങൾ. അതിന്റെ ഗൗരവം ഉൾക്കൊണ്ട് ആസൂത്രണ നിർവഹണ മോണിട്ടറിംഗ് കൂടുതൽ ശക്തിപ്പെടുത്തേണ്ടതാണ്. വികസന സ്റ്റാന്റിംഗ് കമ്മറ്റിയുടേയും ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 106134 | 895807 | 1001941 | 958111 | 43830 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കിയത് | - | 14016361 | 14016361 | 14016361 | - |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 34200 | 55 |
| കർഷകതൊഴിലാളി പെൻഷൻ | 7790400 | 685 |
| വിധവാപെൻഷൻ | 10951900 | 888 |
| വാർദ്ധക്യകാലപെൻഷൻ | 31240700 | 2264 |
| വികലാംഗപെൻഷൻ | 3907200 | 311 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 90000 | 3 |
| അവിവാഹിതപെൻഷൻ | 425300 | 47 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.12.2018 2.45 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 33220/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ജീവനക്കാരുടെ ജോലി വിഭജനം ഓഫീസ് ഓഡറിൽ വിവരിച്ചതായി കാണുന്നു.

സേവനാവകാശ നിയമപ്രകാരം തപാലുകൾ തീർപ്പാക്കുന്നുണ്ടോ എന്നത് പരിശോധിക്കാൻ നിലവിൽ സംവിധാനം ഇല്ല.

ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കപ്പെടുന്നുണ്ടോ എന്നത് പരിശോധിക്കാൻനിലവിൽ സംവിധാനമില്ല. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും നിയന്ത്രിക്കുന്നതിനും യാതൊരു സംവിധാനവും നിലവിലില്ല. വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ മേധാവികൾ സ്റ്റാന്റിംഗ് കമ്മറ്റികളുടെ എക്സ് ഒഫിഷോ സെക്രട്ടറിയാണെങ്കിലും ഇവർ സ്റ്റാന്റിംഗ് കമ്മിറ്റിയോഗങ്ങളിൽ പങ്കെടുക്കുന്നതായി മിനിറ്റ്സിൽ സൂചനയില്ല. സ്റ്റാന്റിംഗ് കമ്മറ്റിതലത്തിലും സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തിയതായി കാണുന്നില്ല.

ബജറ്റും യഥാർത്ഥ വരവ്/ചെലവുമായി യാതൊരു പൊരുത്തവും കാണുന്നില്ല. മുൻവർഷത്തെ വരവ് ചെലവ് കണക്കുകൾ വിശകലനം ചെയ്തല്ല ബജറ്റ് തയ്യാറാക്കുന്നത്. അതുകൊണ്ടുതന്നെ ബജറ്റ് മുഖേന വരവ് ചെലവുകൾ നിയന്ത്രിക്കപ്പെടുന്നതായി കരുതാനാവില്ല. അക്കൗണ്ടിംഗുമായി ബന്ധപ്പെട്ട മേഖലയിൽ പൊതുവെ മികച്ച നിലവാരം പുലർത്തുന്നതായി കാണുന്നു.

ആഭ്യന്തര നിയന്ത്രണത്തിൽ സമഗ്ര വിലയിരുത്തൽ നടത്തി ആവശ്യമായ പരിഷ്കരണങ്ങൾ വരുത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.12.2018 | 10/2018 – 11/2018 | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.01.2016-27.01.2016 | 2010-11മുതൽ 2014-15 വരെ | 01.03.2016 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി & ഒ ലൈസൻസ് സംബന്ധിച്ച അപാകതകൾ

(i)പൊതു അപാകതകൾ

1. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല

2. ഈടാക്കേണ്ട മിനിമം ഡി & ഒ ഫീസ് സംബന്ധിച്ച് ജി.ഒ(പി)നം.80/2017/ത.സ്വ.ഭ.വ തീയതി.31.10.17 നമ്പർ ഉത്തരവുണ്ടെങ്കിലും മുൻവർഷങ്ങളിലെ അതേ നിരക്കിലാണ് ഡി & ഒ ഫീസ് ഈടാക്കിയത്.

3.രജിസ്റ്ററിൽ സ്ഥാപനത്തിന്റെ പേര്, വാർഡ് നമ്പർ, കെട്ടിട നമ്പർ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ചേർക്കുന്നില്ല.

4.പല ലൈസൻസ് അപേക്ഷയിലും ലൈസൻസ് അർഹത സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് രേഖപ്പെടുത്തുന്നില്ല

അപാകത ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

(ii)വ്യാപാര സ്ഥാപനങ്ങളുടെ വിവരം ലഭ്യമല്ല

2016-17 ൽ 233 സ്ഥാപനങ്ങളും 2018-19 ൽ ഇതിനോടകം 214 സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ട്. എന്നാൽ 2017-18 വർഷം 102 സ്ഥാപനങ്ങളുടെ അപേക്ഷകളും രജിസ്റ്ററും മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. എത്ര സ്ഥാപനങ്ങൾ ലൈസൻസ് എടുത്തെന്നോ എത്രയെണ്ണം എടുക്കാനുണ്ടെന്നോ പഞ്ചായത്തിൽ രേഖയില്ല. പഞ്ചായത്ത് പരിധിയിൽ ആകെ 1504 കൊമേഴ്സ്യൽ കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. ഇതിൽ നിന്നും കൊമേഴ്സ്യൽ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ വളരെക്കുറച്ച് സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തതെന്ന് വ്യക്തമാണ്. ഉദാഹരണമായി VIII/301 ൽ പ്രവർത്തിക്കുന്ന പെട്രോൾ പമ്പിൽ നിന്നും 2017-18 ൽ ഡി & ഒ ഫീസ് ഈടാക്കിയതായി രേഖയില്ല. 2017-18 സാമ്പത്തിക വർഷാന്ത്യം രജിസ്റ്ററിൽ ഡി.സി.ബി തയ്യാറാക്കിയിട്ടില്ല. 2017-18 AFS പ്രകാരം ഡിമാന്റ് 85085/- രൂപയും കളക്ഷൻ 80470/- രൂപയുമാണ്. കുടിശ്ശിക ബാലൻസ് ഷീറ്റിൽ (B15) ചേർത്തിട്ടില്ല. അപാകത പരിഹരിക്കേണ്ടതാണ്.

(iii) ഖരമാലിന്യ ചട്ടങ്ങൾ പാലിക്കുന്നില്ല

ലൈസൻസ് നൽകുമ്പോൾ 2016 ലെ ഖര, ദ്രവ, ഇ-മാലിന്യ ചട്ടങ്ങൾ (G.O(P)65/18 LSGD തീയതി.13/09 /2018) പാലിക്കുന്നില്ല. നം.576/ഡി.സി1/16/ത.സ്വ.ഭ.വ തീയതി.24.09.2016 പ്രകാരം 50 മൈക്രോണിന് മുകളിലുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ വിതരണം ചെയ്യുന്ന വ്യാപാരികളിൽ നിന്നും നിയമാനുസൃത ഫീസ് (പ്രതിമാസം 4000/-) ഈടാക്കണമെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ ഇത്തരം ഫീസ് നാളിതുവരെ ഈടാക്കിയിട്ടില്ല. നിയമാനുസൃത ഫീസ് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

(iv)റേഷൻ കടകൾ, കള്ള് ഷാപ്പുകൾ എന്നിവയിൽ നിന്ന് ഡി & ഒ ഫീസ് ഈടാക്കിയില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ളുഷാപ്പുകൾ തുടങ്ങിയ ധാരാളം സ്ഥാപനങ്ങൾ തൻവർഷം ലൈസൻസ് കൂടാതെയാണ് പ്രവർത്തിച്ചത്. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റിന്റെ അഭാവത്തിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമല്ല. ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന തിനാൽ തൊഴിൽ നികുതിയിനത്തിലും ആനുപാതികമായ നഷ്ടം സംഭവിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സായ ലൈസൻസ് ഫീസ് പിരിവ് കാര്യക്ഷമമാക്കി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും നിയമാനുസൃതമായ ഫീസ് ഈടാക്കി അപാകതകൾ പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-2 തൊഴിൽ നികുതി/സ്ഥാപന നികുതി ഈടാക്കിയില്ല

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ മുളക്കുഴ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2017-18 ൽ തൊഴിൽ നികുതി/സ്ഥാപന നികുതി ഈടാക്കിയതായി രേഖയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ഇനം/അർദ്ധ വർഷം |
|---|---|---|
| 1 | ഇംപെൽ മെഷീൻസ്, (പ്രൈ.ലിമിറ്റഡ്) | തൊഴിൽ നികുതി (IInd) |
| 2 | ബി.സി.എം ബിൽഡേഴ്സ് | തൊഴിൽനികുതി(Ist&IInd) |
| 3. | എൽ.എസ്.ജി.ഡി | തൊഴിൽ നികുതി (IInd) |
| 4. | സി.ഡി.എസ് അക്കൗണ്ടന്റ് | തൊഴിൽ നികുതി (Ist&IInd) |
| | ധനകാര്യ സ്ഥാപനങ്ങൾ | |
| 5 | മുളക്കുഴ സർവീസ് കോപ്പറേറ്റീവ് ബാങ്ക് നം.1224 | സ്ഥാപന നികുതി (II nd ) |
| 6 | കാനറ ബാങ്ക് | സ്ഥാപന നികുതി (Ist & IInd) |
| 7 | കൽപ്പന ഫിനാൻസിയേഴ്സ് | സ്ഥാപന നികുതി (Ist & IInd) |
| 8 | മണിമുട്ടത്ത് ഫിനാൻസിയേഴ്സ് | സ്ഥാപന നികുതി (Ist & IInd) |
| 9 | എസ്.ബി.ഐ കൊഴുവല്ലൂർ | സ്ഥാപന നികുതി (Ist & IInd) |
| 10 | അരീക്കര സർവീസ് സഹകരണ ബാങ്ക് 2587 | സ്ഥാപന നികുതി (Ist & Iind), തൊഴിൽ നികുതി |
| | മറ്റ് സ്ഥാപനങ്ങൾ | |
| 11 | കെ.എസ്.ഇ.ബി, മുളക്കുഴ | സ്ഥാപന നികുതി (Ist & IInd) |

മേൽ സ്ഥാപനങ്ങൾ/വ്യക്തികളിൽ നിന്നും നിയമാനുസൃതം ലഭിക്കേണ്ട തൊഴിൽ നികുതി/സ്ഥാപനനികുതി ഉൾപ്പെടുത്താതെയാണ് ഡി.സി.ബി തയ്യാറാക്കിയിരിക്കുന്നത്. ഇതിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതി/സ്ഥാപനനികുതി മാത്രം ഡിമാന്റ് ആയി ഉൾപ്പെടുത്തുകയും ടി തുക തന്നെ കളക്ഷൻ കാണിക്കുകയുമാണ് ചെയ്തത് എന്ന് വ്യക്തമാണ്. അരിയർ ഡിമാന്റ് രജിസ്റ്റർ പരിപാലിക്കാത്തതിനാലും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാലും ടി നികുതി കാലഹരണപ്പെട്ട് പോകാൻ ഇടയാകുന്നതാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് ചട്ടം 3, സെക്ഷൻ 204, 205 എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ 60 ദിവസത്തിൽ കൂടുതൽ തൊഴിലിലേർപ്പെട്ട ഏതൊരാളും തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥനാണ്. 2017-18 വർഷം പഞ്ചായത്ത് പരിധിയിൽ 6 കരാറുകാർ വിവിധ വർക്കുകൾ ഏറ്റെടുത്ത്

നടത്തുകയുണ്ടായി. എന്നാൽ ടി കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല. മേൽ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3 തീയതി.24.12.2018) മറുപടി ലഭ്യമാക്കിയില്ല. മേൽ പരാമർശിച്ച വ്യക്തികളിൽ/സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി, സ്ഥാപനനികുതി എന്നിവ ഈടാക്കേണ്ടതും ടി തുക ഡിമാന്റിൽ ഉൾപ്പെടുത്തി അപാകതകൾ പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-3 വസ്തുനികുതി സംബന്ധമായ അപാകതകൾ

(i)പെർമിറ്റ് രജിസ്റ്ററിൽ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നില്ല

പെർമിറ്റ് എടുത്ത് പണി പൂർത്തിയാക്കിയ കെട്ടിടങ്ങളുടെ അസ്സസ്സ്മെന്റ് നമ്പർ പെർമിറ്റ് രജിസ്റ്ററിൽ (കോളം 20) രേഖപ്പെടുത്തുകയോ പണി പൂർത്തിയാക്കിയതായോ രേഖപ്പെടുത്തിയിട്ടില്ല. പെർമിറ്റ് എടുത്ത് 3 വർഷം പൂർത്തിയാക്കിയ കെട്ടിടങ്ങളിൽ പണി പൂർത്തിയായത് എത്ര, പൂർത്തിയാകാത്തവയെത്ര എന്നീ വിശദാംശങ്ങൾ ലഭ്യമല്ല. കൂടാതെ പെർമിറ്റ് എടുക്കാതെ പണി പൂർത്തിയാക്കി റെഗുലറൈസ് ചെയ്ത കെട്ടിടങ്ങളുടെ വിവരങ്ങൾ ഒരു രജിസ്റ്ററിലും രേഖപ്പെടുത്തുന്നില്ല. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13 തീയതി.29.12.18) നിലവിൽ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പെർമിറ്റ് രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതും റെഗുലറൈസ് ചെയ്യുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ നിശ്ചിത മാതൃകയിൽ പ്രത്യേകം തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

(ii)യു.എ രജിസ്റ്റർ പരിപാലിക്കുന്നില്ല

പഞ്ചായത്ത് പരിധിയിലുള്ള അനധികൃത കെട്ടിടങ്ങളെ സംബന്ധിച്ച ഒരു യു.എ രജിസ്റ്റർ പരിപാലിക്കുന്നില്ല. തൻവർഷം ഇത്തരത്തിലുള്ള കെട്ടിട നിർമ്മാണം സംബന്ധിച്ച് മറ്റ് രേഖകളൊന്നും പഞ്ചായത്തിൽ ലഭ്യമല്ല. യു.എ രജിസ്റ്റർ പരിപാലിക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

(iii)പരിശോധനാ റിപ്പോർട്ടിൽ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നില്ല -പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്

കെട്ടിടനിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകൾ ചട്ടങ്ങൾക്കനുസൃതമാണോയെന്ന് പരിശോധിച്ച് എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ കെട്ടിടത്തിന്റെ വിസ്തീർണ്ണം, എഫ്.എ.ആർ, കവറേജ്, പാർക്കിംഗ്, പെർമിറ്റ് ഫീസ് തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതുണ്ട്. എന്നാൽ അത്തരം വിശദമായ റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല. വിശദാംശങ്ങളുടെ അഭാവത്തിൽ പെർമിറ്റ് ഫീസ് ഈടാക്കുന്നതിലും കുറവുണ്ടാകുന്നുണ്ട്.

പരിശോധനാ റിപ്പോർട്ടിൽ കെട്ടിടങ്ങളെ സംബന്ധിച്ച വിശദ വിവരം ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. കുറവ് വന്ന തുക ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

(iv)മൊബൈൽ ടവറുകളിൽ നിന്ന് വസ്തുനികുതി ഈടാക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ ആകെ 10 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും 4 എണ്ണത്തിൽ നിന്നും വസ്തുനികുതി ഈടാക്കുന്നില്ല. വസ്തുനികുതി കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | ഈടാക്കേണ്ട വസ്തു നികുതി |
|---|---|---|
| 1 | 1/338 A | 66150 (2013-14 – 2018-19) |
| 2 | III/470A | 24500 (2016-17 -2018-19) |
| 3 | VIII/552A | 31480 (2014-15 2018-19) |
| 4 | XVIII/374 | 87222 (2013-14 – 2018-19) |
| | ആകെ | 209352 |

വസ്തുനികുതി കുടിശ്ശിക പലിശ സഹിതം ഈടാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(v)വസ്തുനികുതി പിരിവ് കാര്യക്ഷമമല്ല – കുടിശ്ശിക ലക്ഷങ്ങൾ

2017-18 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം 31.3.2018 ൽ വസ്തുനികുതിയിനത്തിൽ തൻവർഷ കുടിശ്ശികയും കഴിഞ്ഞ വർഷങ്ങളിലെ കുടിശ്ശികയുമുൾപ്പെടെ ആകെ 45 ലക്ഷത്തോളം രൂപ പിരിച്ചെടുക്കാൻ അവശേഷിച്ചിരുന്നു. ഓഡിറ്റ് തീയതിയിലെ(29.12.2018) ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂൾ പ്രകാരം 19.95 ലക്ഷം രൂപ ഈയിനത്തിൽ കഴിഞ്ഞ വർഷങ്ങളിലെ കുടിശ്ശിക നിലനിൽക്കുന്നു. പഞ്ചായത്തിന്റെ തനതുവരുമാനത്തിന്റെ ഗണ്യമായ ഭാഗം വസ്തുനികുതി യാണെന്നിരിക്കെ ഓഡിറ്റ് തീയതിയിൽ അരിയർ ഇനത്തിൽ ഇത്രയും ഭീമമായ തുക പിരിക്കാൻ ബാക്കി നിൽക്കുന്നത് വസ്തുനികുതി പിരിവിലെ കാര്യക്ഷമതയില്ലായ്മയെ സൂചിപ്പിക്കുന്നു. നികുതി പിരിവ് കാര്യക്ഷമമാക്കാൻ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി നടപടി സ്വീകരിച്ചതായി കാണുന്നില്ല. ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13 തീയതി.29.12.18) കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി ലഭിച്ചു. മുൻ വർഷങ്ങളിലെ കുടിശ്ശിക ഉൾപ്പെടെ അടിയന്തരമായി പിരിച്ചെടുക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

## **2-4** തനത് വരുമാനം മുഴുവൻ സേവിംഗ്സ് ബാങ്ക് നിക്ഷേപം - പലിശയിനത്തിൽ വരുമാനനഷ്ടം

തനത് വരുമാനം പരിപാലിക്കുന്ന ജില്ലാ സഹകരണ ബാങ്ക് (നം.6229) അക്കൌണ്ടിൽ വർഷാരംഭത്തിൽ 1.02 കോടി രൂപയും വർഷാന്ത്യത്തിൽ 1.40 കോടിയും നീക്കിയിരുപ്പ് ഉണ്ടായിരുന്നു. ഓഡിറ്റ് തീയതിയിലും ടി അക്കൌണ്ടിൽ 1.31 കോടി നിക്ഷേപം ഉണ്ട്. ഇതിൽ നിന്നും എല്ലായ്പ്പോഴും ഒരു കോടി രൂപയ്ക്ക് മുകളിൽ തനത് ഫണ്ടിൽ നിലനിൽക്കുന്നതായി വ്യക്തമാണ്. ടി തുക സേവിംഗ്സ് ബാങ്ക് നിക്ഷേപമായാണ് ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ളത്. വൻതുക സേവിംഗ്സ് ബാങ്ക് നിക്ഷേപമാക്കിയതിനാൽ പലിശയിനത്തിൽ ഗണ്യമായ തുക ഓരോ വർഷവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഇതിന്റെ 75% തുകയെങ്കിലും ഫിക്സഡ് ഡിപ്പോസിറ്റിലേക്ക് മാറ്റിയാൽ പലിശ വരുമാനം വർദ്ധിക്കുകയും പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടാകുന്നതുമാണ്. വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## **3-1** **(i)** ടാർവില:**38082**രൂപ തിരികെ വാങ്ങിയില്ല. **(ii)**ടാർവില ഈടാക്കിയില്ല

ബി.പി.സി.എൽ -ൽ അധികം അടച്ച ടാർവില 38082/-രൂപ തിരികെ വാങ്ങിയില്ല.

7/17ലാണ് ടാർ വിലയായി 796655രൂപ സെക്രട്ടറി ബി.പി.സി.എൽ-ൽ നിക്ഷേപിച്ചത്. 14.7.17ന് 759573രൂപയുടെ ടാർ (വിജി30-143ബാരൽ, ആർഎസ്1-12ബാരൽ) ലഭിച്ചു. ബാക്കി 38082രൂപയാണ് തിരികെ ലഭിക്കാനുള്ളത്.

16-17ൽ അംഗീകരിച്ച 12ടാറിംഗ് പ്രോജക്ടുകൾക്കാണ് സെക്രട്ടറി ടാർ വാങ്ങിയത്. ടാറിന്റെ അളവ് നിർണയിച്ചതും ആവശ്യമായ തുക പ്രോജക്ടുകൾക്ക് വകയിരുത്തിയ സർക്കാർ ഫണ്ടിൽ നിന്നും പിൻവലിച്ച് സെക്രട്ടറിക്ക് നല്കിയതും പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറാണ്. സെക്രട്ടറി വാങ്ങിയ ടാർ കരാറുകാർക്ക് നല്കി പ്രോജക്ടുകൾ സ്പിൽഓവറായി 17-18-ൽ നടപ്പാക്കി. 16-17 ലെ റോഡ് സംരക്ഷണ ഗ്രാന്റിൽ നിന്നാണ് ടാറിന്റെ വില നൽകിയത്.

അധികം അടച്ച 38082രൂപ ഒന്നര വർഷമായിട്ടും തിരികെ ഈടാക്കാത്തതിന് ഓഡിറ്റ് വിശദീകരണം (ഓഡിറ്റ് അന്വേഷണം 4/26.12.18) തേടിയിരുന്നു. തുക അടിയന്തരമായി തിരികെ ഈടാക്കുന്നതാണെന്ന് ഇതിന് സെക്രട്ടറി മറുപടി നല്കിയിട്ടുണ്ട്. തുക തിരികെ ലഭിച്ചാൽ ബന്ധപ്പെട്ട ട്രഷറി ശീർഷകത്തിൽ ഒടുക്കി ചെലാൻ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

(ii)ടാർ വില ഈടാക്കിയില്ല

കരാറുകാരന് നല്കിയ ടാറിന്റെ വില ഈടാക്കിയില്ല. കരാറുകാരൻ സുജിത് കുമാറിന് നല്കിയ 439.36 കിലോ വിജി 30ന്റേയും 168.53കിലോ ആർഎസ്1 ന്റേയും വിലയാണ് ഈടാക്കാനുള്ളത്.

എ.ഇ നടപ്പാക്കിയ പ്രോജക്ടുകൾക്ക് വിതരണം ചെയ്തതിൽ ബാക്കിയുണ്ടായിരുന്ന ടാറാണ് കരാറുകാരന് നല്കിയത്. ബിറ്റുമിൻ 32.97രൂ/ കിലോ,എമൽഷൻ 35.56രൂ/കിലോ നിരക്കിലാണ് ഗ്രാമപഞ്ചായത്ത് സംഭരിച്ചത്. ഈ നിരക്കിൽ കണക്കാക്കുമ്പോൾ 20479 രൂപ (കടത്ത് കൂലി പുറമെ. ഗ്രാമപഞ്ചായത്ത് പ്രോജക്ടിനാണ് ടാർ ഉപയോഗിക്കുന്നതെങ്കിൽ സി.പി.ഒ.എച്ചും കൂടി.) കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടിയിരുന്നു. എന്നാൽ ടാർ നല്കി മാസങ്ങൾ കഴിഞ്ഞിട്ടും വില ഈടാക്കിയിട്ടില്ല. ഈ വിഷയത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് വിശദീകരണം തേടിയിരുന്നു (ഓഡിറ്റ് അന്വേഷണം നം.09/27.12.18). ഇതിന് അസിസ്റ്റന്റ് എഞ്ചിനിയർ നല്കിയ മറുപടിയിൽ-17-18അവസാനമാണ് സുജിത് കുമാറുമായി കരാർ ചമച്ച് ടാർ നല്കിയതെന്നും 18-19ലെ സ്പിൽഓവർ പ്രവൃത്തിയായതിനാൽ ബിൽ നല്കുന്ന മുറയ്ക്ക് ടാറിന്റെ വില ഈടാക്കുന്നതാണെന്നും അറിയിച്ചു.

## 3-2 പൂർത്തിയാകാത്ത നിക്ഷേപപ്രവൃത്തികൾ

2017-18 ൽ വിവിധ ഏജൻസികളിൽ താഴെപ്പറയുന്ന രീതിയിൽ പണം നിക്ഷേപിച്ചിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

| പ്രോജക്ട് നം : / പേര് | ചെലവ് (രൂപ) | തുക സ്വീകരിച്ച സ്ഥാപനം |
|---|---|---|
| 7/18 അങ്കണവാടി നം.65, 72 വൈദ്യുതീകരണം | 18,22,709 | പി.ഡബ്ല്യു.ഡി |
| 63/18 സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 26,94,356 | കെ.എസ്.ഇ.ബി. |
| 202/18പള്ളിമോടി കുടിവെള്ളപദ്ധതിയുടെ ലൈൻ എക്സ്റ്റൻഷൻ | 3,17,000 | കെ.ഡബ്ല്യു.എ. |
| 233/18 ചാങ്ങപ്പാടം പാടശേഖരത്തിലെ പമ്പ് സെറ്റിന് വേണ്ടി ലൈൻ വലിക്കൽ | 1,51,150 | കെ.എസ്.ഇ.ബി. |

പഞ്ചായത്തിന്റ പണം നിക്ഷേപിച്ചിട്ടുള്ള സാഹചര്യത്തിൽ എത്രയും വേഗം പണി പൂർത്തിയാക്കി പ്രോജക്ട് വിഭാവനം ചെയ്ത ലക്ഷ്യം കൈവരിക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-3 മരുന്ന് ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

താഴെപ്പറയുന്ന രണ്ട് പ്രോജക്ടുകൾ പ്രകാരം മരുന്ന വാങ്ങുന്നതിനായി കാരുണ്യ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് മുൻകൂറായി തുക നല്കിയെങ്കിലും സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ മുഴവൻ തുകയുടെയും മരുന്ന ലഭിച്ചിട്ടില്ല. മരുന്ന ലഭിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം ബോധ്യപ്പെടുത്തുന്നതിന് ഓഡിറ്റ് അന്വേഷണം (നം:14 തീയതി:29.12.2018) നല്കിയെങ്കിലും മറുപടി ലഭിച്ചതുമില്ല. ഈ സാഹചര്യത്തിൽ കിട്ടാനുള്ള മരുന്നിന്റെ വില 73404 രൂപ തടസ്സപ്പെടുത്തുന്നു.

| പ്രോജക്ട് നം. , പേര് | ഫണ്ടിനം | ചെക്ക് നം./ബിൽ നം.തീയതി/തുക | മരുന്നിനായി നല്കിയ തുക | കിട്ടിയ മരുന്നിന്റെ വില | കിട്ടാനുള്ള മരുന്നിന്റെ വില |
|---|---|---|---|---|---|
| 200/18 പി.എച്ച്.സി.യ്ക്ക് മരുന്നു വാങ്ങൽ | തനത് ഫണ്ട് | 6570430/27.02.18 /200000 | 2,00,000 രൂപ | 1,99,794 രൂപ | 206 രൂപ |
| 202/18 പാലിയേറ്റീവ് കെയർ പദ്ധതി | വികസന ഫണ്ട്(ജനറൽ) | 10/28.03.18 /139960 | 1,22,960രൂപ | 49,762രൂപ | 73,198രൂപ |

സമൂഹത്തിൽ ഏറെ അവശതയനുഭവിക്കുന്ന രോഗികൾക്കാവശ്യമായ മരുന്ന് ലഭിക്കുന്നതിനുള്ള സത്വരനടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയം ആരോഗ്യവിദ്യാഭ്യാസസ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടേയും ശ്രദ്ധയിൽപ്പെടുത്തുന്നു. മരുന്നു കിട്ടുന്നതനുസരിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ ശ്രമിക്കേണ്ടതാണ്.

## 3-4 ലൈഫ് പദ്ധതി വീട്പണി നടത്തിയില്ല : മുൻകൂർ തുക തിരികെ ഈടാക്കേണ്ടതാണ്

ലൈഫ് പദ്ധതി - പണി പൂർത്തിയാകാത്ത വീടുകൾക്ക് ധനസഹായം (പ്രോജക്ട് നം: 226 /18) എന്ന പ്രോജക്ട് പ്രകാരം മൂന്നു ഗുണഭോക്താക്കൾക്ക് അവരുടെ വീട് പണി പൂർത്തിയാക്കുന്നതിന്, മുൻപ് നല്കിയ ധനസഹായത്തിന് ആനുപാതികമായ തുക 2017-18 ൽ നല്കിയിട്ടുണ്ട്. ഈ ധനസഹായം കൈപ്പറ്റിയ ഒരാൾ 2017-18 ലും മറ്റൊരാൾ 2018-19 ലും പണി പൂർത്തിയാക്കി മുഴുവൻ തുകയും കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ മുൻകൂർ തുക 50000 രൂപ (ചെക്ക് നം : 6570429/27.02.2018) കൈപ്പറ്റിയ കുഞ്ഞുമോൻ, വിനോദ് ഭവനം, മുളക്കുഴ എന്ന ഗുണഭോക്താവ് ടിയാൻ വീട്പണി നടത്തി അടുത്ത ഗഡു നാളിതുവരെയും കൈപ്പറ്റിയിട്ടില്ല. മുൻകൂർ കൈപ്പറ്റുന്നതിന് മുൻപായി മൂന്നു മാസത്തിനകം വീട് പണി പൂർത്തിയാക്കുന്നതാണെന്ന് കരാർ ചമച്ചിരുന്നെങ്കിലും പണി പൂർത്തിയാക്കാത്ത സാഹചര്യത്തിൽ ടിയാനിൽ നിന്നും മുൻകൂർ തുക ഈടാക്കാൻ സ്വീകരിച്ച നടപടിവിവരം അറിയിക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണ (നം:12 തീയതി. 29.12.2018) ത്തിന് ലഭിച്ച മറുപടിയിൽ ടിയാന്റെ വസ്തുവിലേക്ക് വഴിസൗകര്യമില്ല എന്ന കാരണത്താൽ വീട് നിർമ്മിക്കുകയില്ല എന്നും തുക തിരിച്ചടയ്ക്കാൻ സന്നദ്ധനാണെന്നും അറിയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കി.

ടിയാന് ഇ.എം.എസ്. ഭവനപദ്ധതി പ്രകാരം 13.04.2009 ൽ 10000 രൂപ നല്കിയിരുന്നെങ്കിലും പണി ആരംഭിച്ചിരുന്നില്ല. ആനുകൂല്യം ലഭിച്ച ശേഷവും പണി പൂർത്തീകരിക്കാനാകാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിന് ആനുപാതിക സബ്സിഡി നല്കുന്നതിനാണ് സർക്കാർ നിർദ്ദേശം നല്കിയിരുന്നത്. വീട് നിർമ്മാണത്തിന് 2009-ൽ ആദ്യഗഡു നല്കിയെങ്കിലും ടിയാൻ പണി ആരംഭിക്കാതെ തുടർന്ന സാഹചര്യത്തിൽ വീണ്ടും ആനുകൂല്യം നല്കിയത് ശരിയായ നടപടിയല്ല. ടിയാനിൽ നിന്നും മുൻപ് നല്കിയതുൾപ്പടെ 60000 രൂപ തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 വീട് വാസയോഗ്യമാക്കൽ പണി പൂർത്തിയാക്കിയില്ല : ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം : പേര് | 171/18 വീട് വാസയോഗ്യമാക്കൽ (എസ്.സി.പി.) |
| ചെലവ് | 9,00,000 രൂപ |

ടി പ്രോജക്ട് പ്രകാരം വീട് വാസയോഗ്യമാക്കുന്നതിന് 12 പേർക്ക് 50000 രൂപ വീതം മുൻകൂർ തുക നല്കി. ഇതിൽ 3 പേർ 2017-18 ലും 8 പേർ 2018-19 ലും വീട് പണി പൂർത്തിയാക്കി ബാക്കിത്തുക കൈപ്പറ്റിയിട്ടുണ്ട്. മുൻകൂർ കൈപ്പറ്റിയ ഇന്ദിര, വാഴക്കൂട്ടത്തിൽ, മുളക്കുഴ എന്ന വ്യക്തി ഓഡിറ്റ് കാലയളവിലും പണി

പൂർത്തിയാക്കി ബാക്കിത്തുക കൈപ്പറ്റിയിട്ടില്ല. ഈ വിഷയത്തിന് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ടിയാൻ ഉടൻതന്നെ പണി പൂർത്തിയാക്കുമെന്ന് മറുപടി നല്കി. പണി പൂർത്തിയാക്കാത്ത സാഹചര്യത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു. പണി പൂർത്തിയാക്കാത്തപക്ഷം ടിയാൾക്ക് നല്കിയ മുൻകൂർ തുക 50000 രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 3-6 അനധികൃത കെട്ടിടത്തിന്റെ മേൽക്കൂര മാറ്റിപ്പണിതതിന് നല്കിയ സബ്സിഡി അനുവദിക്കാനാകില്ല

വീട് വാസയോഗ്യമാക്കൽ എന്ന പ്രോജക്ട് പ്രകാരം ഉഷാകുമാരി, ഉഷാഭവനം, അരീക്കര എന്ന വ്യക്തിയ്ക്ക് 2017- 18 ൽ 50000 ( ബിൽ നം. 11, തീയതി: 24.03.2018) രൂപയും 2018-19 ൽ 1,00,000 ( ബിൽ നം. 9, തീയതി: 11.07.2018) രൂപയും സബ്സിഡി നല്കിയിട്ടുണ്ട്. ടിയാൾ നടത്തിയ നിർമ്മാണപ്രവൃത്തി പഞ്ചായത്തിലെ എൽ.എസ്.ജി.ഡി. ഓവർസിയർ പരിശോധിച്ച് തയ്യാറാക്കിയ മൂല്യനിർണ്ണയരേഖ പ്രകാരം വീടിന്റെ മേൽക്കൂര മാറ്റുന്നതിനുള്ള പ്രവൃത്തിയാണ് ചെയ്തിട്ടുള്ളത്. ടി കെട്ടിടം പഞ്ചായത്തിലെ രേഖകൾ പ്രകാരം, റോഡിൽ നിന്നുള്ള ദൂരപരിധി പാലിക്കാത്തതിനാൽ അംഗീകാരമില്ലാത്ത കെട്ടിടമായാണ് അസസ്സ് ചെയ്തിരിക്കുന്നത്. പഞ്ചായത്ത് രാജ് ആക്ട് പ്രകാരം അംഗീകാരമില്ലാത്ത U.A. നമ്പരായി പരിഗണിക്കുന്ന ടി കെട്ടിടത്തിന്റെ മേൽക്കൂര മാറ്റിയതിനാണ് ടിയാൾക്ക് 1,50,000 രൂപ നല്കിയിട്ടുള്ളത്. പഞ്ചായത്ത് രാജ് ആക്ടിന് വിരുദ്ധമായി നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിന്റെ മേൽക്കൂര വാർക്കുന്നതിനായി സബ്സിഡി നല്കിയത് അംഗീകരിക്കാനാകില്ല. മാത്രമല്ല, നിലവിലെ സബ്സിഡി മാർഗ്ഗരേഖ പ്രകാരം മേൽക്കൂര മാറ്റിപ്പണിയുന്നതിന് 75000 രൂപ മാത്രമാണ് അനുവദിക്കാവുന്നത് എന്നിരിക്കെയാണ് ടിയാൾക്ക് 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിലായി 1,50,000 രൂപ നല്കിയത്. പഞ്ചായത്ത് രാജ് ആക്ട് പ്രകാരം നിയമവിധേയമല്ലാത്ത കെട്ടിടത്തിനാണ് വീട് വാസയോഗ്യമാക്കൽ പദ്ധതി പ്രകാരം തുക നല്കിയത് എന്നതിനാൽ 2017-18 ൽ നല്കിയ 50,000 രൂപയുടെ ചെലവ് അംഗീകരിക്കാനാകില്ല.

## 3-7 സ്കൂൾ അധികൃതർ നല്കുന്ന സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ആനുകൂല്യം നല്കി

2017-18 ൽ അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളിൽ സ്കൂൾ അധികൃതർ നല്കുന്ന സാക്ഷ്യപത്രത്തിന്റെ അഭാവത്തിലാണ് വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ, സൈക്കിൾ എന്നിവ നല്കിയത്.

1.പ്രോജക്ട് നം .79 - എസ്.സി. കുട്ടികൾക്ക് പഠനോപകരണങ്ങൾ

അടങ്കൽ - 300000

ചെലവ് - 291075

ബിൽ നം. 5/28.06.17

8,9,10 ക്ലാസ്സുകളിൽ പഠിക്കുന്ന എസ്.സി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പഠനോപകരണങ്ങൾ നല്കുന്ന പദ്ധതി പ്രകാരം 75കുട്ടികൾക്ക് മേശയും കസേരയും നല്കി. സ.ഉ (സാധാ)നം.80/17/ത.സ്വ.ഭ.വ/03.04.2017 നമ്പർ ഉത്തരവു പ്രകാരം സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നല്കുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാം. എന്നാൽ ചുവടെ പേരു ചേർക്കുന്ന വിദ്യാർത്ഥികൾ അവർ പഠിക്കുന്ന സ്കൂളിൽ നിന്നുള്ള സാക്ഷ്യപത്രം സമർപ്പിച്ചിട്ടില്ല.

| ക്രമ നം. | പേര് | വീട്ടുപേര് | തുക |
|---|---|---|---|
| 1 | അഭിരാമി.എൻ.ആർ | നെടുംപറമ്പിൽ | 3881 |
| 2 | മഹത്, | കൊച്ചുപ്ലാവുനിൽക്കുന്നതിൽ | 3881 |
| 3 | അശ്വിൻ കൃഷ്ണ | വടക്കുംകോട്ട | 3881 |

| | | | |
|---|---|---|---|
| 4 | ആദിത്യൻ അനിൽകുമാർ | കരിങ്ങാലി മോടി | 3881 |
| 5 | സൂരജ് കുഞ്ഞുമോൻ | മേക്കാട്ടിൽ | 3881 |
| 6 | അക്ഷയ് രാജ് | - | 3881 |
| 7 | അഞ്ജലി.സി.എൻ | ചെമ്പൻചിറ വടക്കേതിൽ | 3881 |
| 8 | മനേഷ്.പി.കെ | പട്ടങ്ങാട്ടുമോടി പടിഞ്ഞാറേ ചരുവിൽ | 3881 |
| 9 | സോന | കുരുട്ടുമോടി തെക്കേചരുവിൽ | 3881 |
| 10 | അർജ്ജുൻ.എസ് | വലിയമോടിയിൽ വീട്ടിൽ | 3881 |
| 11 | അമൽ.സി | തടത്തിൽ മേലേതിൽ | 3881 |
| 12 | ആരതി അനിൽ | നായ്ക്കൻ മോടി കിഴക്കേ ചരുവിൽ | 3881 |
| 13 | മഹിമ.കെ.ഷാജി | കൊച്ചു പ്ലാവു നിൽക്കുന്നതിൽ | 3881 |
| ആകെ | | | 50453 |

സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 13കുട്ടികൾക്കായി മേശയും കസേരയും വാങ്ങുന്ന ഇനത്തിൽ ചെലവഴിച്ച 50453/- രൂപ (3881x13) തടസ്സപ്പെടുത്തുന്നു.

2. പ്രോജ.നം .79 - എസ്.സി. കുട്ടികൾക്ക് സൈക്കിൾ

അടങ്കൽ - 300000

ചെലവ് - 267265

ബിൽ നം. 4/28.06.17

ഈ പദ്ധതി പ്രകാരം 75 കുട്ടികൾക്ക് സൈക്കിൾ അനുവദിച്ചു. സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നല്കുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിലാകണം സൈക്കിൾ നല്കേണ്ടത്. എന്നാൽ ചുവടെ ചേർക്കുന്ന വിദ്യാർത്ഥികൾക്ക് സ്കൂളിൽ നിന്നുള്ള സാക്ഷ്യപത്രത്തിന്റെ അഭാവത്തിലാണ് സൈക്കിൾ നല്കിയത്.

| ആൺകുട്ടികൾ | പെൺകുട്ടികൾ |
|---|---|
| ആനന്ദ് -സരിതാ ഭവൻ | സന്ധ്യപ്രസന്നൻ - പൂപ്പൻകര പടിഞ്ഞാറേ ചരുവിൽ |
| യദുരാജ് -നെടിയകാലാകിഴക്കേതിൽ | ഗൗരി.എം.-വലങ്കാട്ടിൽ |
| വൈഷ്ണവ് .എസ്-പറങ്ങഴമോടി | ശരണ്യ -വലിയ പറമ്പ് കോളനി |
| വിഷ്ണുക്കുട്ടൻ.കെ.ജി.-പൂപ്പൻകരമോടിയിൽ | വർഷ പ്രകാശ് -പൂപ്പൻകര പടിഞ്ഞാറേ ചരുവിൽ |
| ശ്രീലേഷ് .എസ്-പറങ്ങഴമോടി | അഞ്ജു.പി-രാധാലയം |
| ബിഷാരത്ത് ബാലൻ, ബിഷാരത്ത് ഭവൻ | നാസികൃഷ്ണ.ടി.ജെ-തട്ടയ്യാട്ടു വടക്കേ ചരുവിൽ |

| | |
|---|---|
| ബിനീഷ് .എം-വലിയപറമ്പ് കോളനി | |
| അഭിഷേക് -പുതുപറമ്പിൽ കിഴക്കേതിൽ | |

പട്ടികയിൽ പരാമർശിത വിദ്യാർത്ഥികൾക്കായി സൈക്കിൾ വാങ്ങുവാൻ ചെലവഴിച്ച49930 രൂപ തടസ്സപ്പെടുത്തുന്നു (8ആൺകുട്ടികൾ x 3485 = 27880 + 6 പെൺകുട്ടികൾ x 3675 = 22050).സ്കൂൾ അധികൃതരുടെ സാക്ഷ്യപത്രം വാങ്ങുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 3-8 പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി വിദ്യാർത്ഥികൾക്ക് ആനുകൂല്യം നല്കി

2017-18 ൽ എച്ച്.എം നിർവ്വഹണ ഉദ്യോഗസ്ഥയായ ചുവടെ ചേർക്കുന്ന പദ്ധതികളിൽ, പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾക്കു വിരുദ്ധമായാണ് വിദ്യാർത്ഥികൾക്ക് ആനുകൂല്യം നല്കിയിട്ടുള്ളത്.

1. പ്രോജക്റ്റ്നം . /പേര് -188/8, 9,10 ക്ലാസ്സുകളിലെ പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ

അടങ്കൽ - 380355

ചെലവ് - 379725

ബിൽ നം .9/23.03.18

ഈ പദ്ധതി പ്രകാരം ആകെ 79 വിദ്യാർത്ഥികൾക്ക് സൈക്കിൾ നല്കിയിട്ടുണ്ട്. സ.ഉ (സാധാ)നം. 80/17/ത സ്വ ഭ വ/03.04.2017 നമ്പർ ഉത്തരവു പ്രകാരം സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നല്കുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാമെങ്കിലും പട്ടിക ജാതി വകുപ്പിൽ നിന്നും സൈക്കിൾ നൽകിയിട്ടില്ലെന്ന് വകുപ്പ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം. എന്നാൽ ഒരു വിദ്യാർത്ഥിയുടെയും ഫയലിൽ സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടില്ല. സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവു തുകയായ 379725 രൂപ തടസ്സപ്പെടുത്തുന്നു .

2.പ്രോജക്റ്റ് നം. /പേര് – 191/പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ

അടങ്കൽ - 112476

ചെലവ് - 112476

ബിൽ നം .7/23.03.18

ഈ പദ്ധതി പ്രകാരം ആകെ 39 വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ (മേശയും കസേരയും)നല്കിയിട്ടുണ്ട്. സ.ഉ (സാധാ)നം. 80/17/ത.സ്വ.ഭ.വ/03.04.2017 നമ്പർ ഉത്തരവു പ്രകാരം സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നല്കുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാമെങ്കിലും ഗുണഭോക്തൃ ലിസ്റ്റിന് ഗ്രാമസഭയുടെ സാധൂകരണം വാങ്ങണം. എന്നാൽ ചുവടെ ചേർക്കുന്ന വിദ്യാർത്ഥികൾ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവരല്ല.

| ക്രമ നം. | പേര് | വീട്ടുപേര് | തുക |
|---|---|---|---|
| 1 | സഞ്ജു.എസ് | അനന്തു ഭവനം | 2884 |
| 2 | മീന സുനിൽ | മിനി ഭവനം | 2884 |

| | | | |
|---|---|---|---|
| 3 | പൃത്ഥ്വി വിജയൻ | വള്ളിയൂരത്തിൽ | 2884 |
| 4 | അഭിജിത്ത്.പി | പാല നിൽക്കുന്നതിൽ | 2884 |
| 5 | മണികണ്ഠൻ | വാഴപ്പള്ളിൽ | 2884 |
| 6 | ശ്രീഹരി | കരിങ്ങാല മോടിയിൽ | 2884 |
| 7 | അഭയ് | കല്ലുണ്ടിയിൽ | 2884 |
| 8 | അരവിന്ദ് | അശോക ഭവനം | 2884 |
| 9 | അഷ്ടമി സന്തോഷ് | മുള്ളംകാലായിൽ | 2884 |
| 10 | സുരാജ് സുരേഷ് | വലിയപറമ്പ് കോളനി | 2884 |
| 11 | വൈശാഖ് | വലിയപറമ്പ് കോളനി | 2884 |
| 12 | ലക്ഷ്മി രാജൻ | വടക്കൻ കോട്ട | 2884 |
| 13 | ഹേമന്ത് | വടക്കൻ കോട്ട | 2884 |
| 14 | അഞ്ജലി | വടക്കൻ കോട്ട മേലേതിൽ | 2884 |
| 15 | സജിത്ത്.സി | പൂഷൻകരപടിഞ്ഞാറേതിൽ | 2884 |
| 16 | അക്ഷര സുരേഷ് | പുത്തൻ പറമ്പിൽ | 2884 |
| ആകെ | | | 46144 |

ഗുണഭോക്തൃ ലിസ്റ്റ് സാധൂകരിച്ച് ലഭിച്ചിട്ടില്ലാത്തതിനാൽ 16കുട്ടികൾക്ക് മേശയും കസേരയും വാങ്ങിയ ഇനത്തിൽ ചെലവഴിച്ച 46144/- രൂപ (2884 x16) രൂപ തടസ്സപ്പെടുത്തുന്നു.

മേൽ വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നം.1/22.12.18 ന് മറുപടി ലഭിച്ചിട്ടില്ല. ആരോഗ്യ -വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 3-9 പ്രളയം:കാർഷിക മേഖലയിലെ 28.34ലക്ഷത്തിന്റെ പ്രോജക്ടുകൾക്ക് ചെലവ് രേഖയില്ല

കാർഷിക മേഖലയിൽ ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ 28.34ലക്ഷം രൂപയുടെ പ്രോജക്ടുകൾക്ക് നിർവഹണചെലവ് രേഖകളില്ല. രേഖകൾ പ്രളയത്തിൽ നശിച്ചെന്ന് കൃഷി ഓഫീസർ.

10പ്രോജക്ടുകൾക്ക് പിൻവലിച്ച 2834221രൂപയുടെ ചെലവ് രേഖകളാണ് ഓഡിറ്റിന് ഹാജരാക്കാനുള്ളത്. രേഖകൾ 2018 ഓഗസ്റ്റിലെ പ്രളയത്തിൽ നശിച്ച് പോയതായി കൃഷി ഓഫീസർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയേയും ചെങ്ങന്നൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടറേയും അറിയിച്ചിട്ടുണ്ട് (കത്തുകളുടെ പകർപ്പും നഷ്ടപ്പെട്ട രേഖകളുടെ പട്ടികയും ഓഡിറ്റിനും നല്കിയിട്ടുണ്ട്.). എന്നാൽ കൃഷി ഓഫീസറുടെ റിപ്പോർട്ട് ഗ്രാമപഞ്ചായത്തോ കൃഷി വകുപ്പോ അംഗീകരിച്ചിട്ടില്ല. അതിനാൽ രേഖയില്ലാത്ത ചെലവായി ഓഡിറ്റ് ഇതിനെ കണക്കാക്കുന്നു. രേഖകൾ ഹാജരാക്കുവാനുള്ള2017-18ലെ ചെലവിന്റെ വിവരം:

| ക്രമ നം. | പ്രോജക്റ്റ് | ചെലവ് | ട്രഷറി ബിൽ നം./ചെക്ക് നം. | കുറിപ്പ് |
|---|---|---|---|---|
| 1 | 113/18-നെൽകൃഷിക്ക് വിത്ത് വിതരണം | 178800 | 1/30.1.18-178800രൂപ (വികസന ഫണ്ട്) | - |
| 2 | 114/18-വീട്ട് വളപ്പിൽ മഞ്ഞൾ കൃഷി | 133250 | 7/14.3.18-99937രൂപ (വികസന ഫണ്ട്) | ആകെ ചെലവിൽ ബാക്കി 33313രൂപ ഗുണഭോക്തൃ വിഹിതമാണ്. ഗുണഭോക്തൃ വിഹിതം പിരിച്ചതായി രജിസ്റ്ററിൽ കാണുന്നു. ചെലവഴിച്ചതിന്റെ രേഖയില്ല. |
| 3 | 116/18-വെറ്റില കൃഷി പ്രോത്സാഹനം | 450000 | 10/17.3.18-450000രൂപ (വികസന ഫണ്ട്) | - |
| 4 | 117/18-വാഴ കൃഷി വിസ്തൃതി വ്യാപനം | 582750 | 2/22.2.18-91125രൂപ<br>3/22.2.18-168750രൂപ<br>5/24.2.18-168750രൂപ<br>6/14.3.18-91125രൂപ<br>ആകെ 519750രൂ(വികസന ഫണ്ട്) | ആകെ ചെലവിൽ ബാക്കി 63000 രൂപ ഗുണഭോക്തൃവിഹിതം. ഇത് പിരിച്ചതായി രജിസ്റ്ററിൽ കാണുന്നു. ചെലവഴിച്ചതിന് രേഖയില്ല. |
| 5 | 119/18-ഇടവിള കൃഷിക്ക് സഹായം | 500000 | 4/22.2.18-400000രൂപ (വികസന ഫണ്ട്)<br>ട്രഷറി ചെക്ക് 1056443/ 17.2.18-100000 രൂപ (ഗുണഭോക്തൃവിഹിതം) | - |
| 6 | 183/18-നെൽ കൃഷിക്ക് കൂലിചെലവ് | 68136 | - | - |
| 7 | 193/18-പച്ചക്കറി കൃഷിക്ക് കൂലിചെലവ് | 299982 | - | - |
| 8 | 204/18-ജൈവപച്ചക്കറി അടുക്കള തോട്ട പ്രോത്സാഹനം | 236510 | 9/14.3.18-21600രൂ<br>8/14.3.18-157310രൂ<br>(വികസന ഫണ്ട്) | ഗുണഭോക്തൃവിഹിതം 57600രൂപ പിരിച്ചിട്ടുണ്ട്. |
| 9 | 228/18-കുറ്റികുരുമുളകും ജൈവവളവും | 326430 | - | - |
| 10 | 229/18-കൃഷി ആവശ്യത്തിന് പമ്പ് സെറ്റ് | 58363 | - | - |
| | ആകെ | 2834221 | | |

നിർവഹണ ഉദ്യോഗസ്ഥൻ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ:ട്രഷറി ബിൽ ബുക്ക്, ട്രഷറി ബിൽ പകർപ്പുകൾ, ഗുണഭോക്തൃവിഹിതം പിരിവ് രജിസ്റ്ററുകൾ.

നിർവഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയ രേഖകളുടെ ഓഡിറ്റിൽ വ്യക്തമായ അപാകങ്ങൾ:

1.നടപ്പാക്കിയ 10പ്രോജക്ടുകളുടേയും ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച പ്രോജക്ട് ഫോറങ്ങൾ, ഗ്രാമസഭ തിരഞ്ഞെടുത്ത ഗുണഭോക്തൃപട്ടിക എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ഗുണഭോക്തൃവിഹിതം പിരിക്കാൻ ഉപയോഗിച്ച ഗ്രാമപഞ്ചായത്ത് രസീത് ബുക്കുകൾ ഹാജരാക്കിയിട്ടില്ല. ഗുണഭോക്തൃ വിഹിതം പിരിവിന്റെ കളക്ഷൻ രജിസ്റ്റർ ഹാജരാക്കി. ഈ രജിസ്റ്ററും ഗ്രാമപഞ്ചായത്ത് അംഗീകരിച്ച് പ്രസിദ്ധീകരിച്ച ഗുണഭോക്തൃപട്ടികയും റാണ്ടം സാംബ്ളിംഗ് രീതി ഉപയോഗിച്ച് പരിശോധിച്ചു. പരിശോധനയിൽ ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ ഗുണഭോക്തൃപട്ടികയിൽ ഉള്ളതിൽ കൂടുതൽ പേർക്ക് ആനുകൂല്യം നല്കിയതായും പട്ടികയിൽ ഇല്ലാത്തവർക്കും ആനുകൂല്യം നല്കിയതായി കാണുന്നു.

ഉദാ:വീട്ടുവളപ്പിൽ മഞ്ഞൾ കൃഷിക്ക് ഗ്രാമപഞ്ചായത്ത് ഗുണഭോക്തൃലിസ്റ്റിൽ 149പേരാണുള്ളത്. എന്നാൽ പ്രോജക്ടിൽ 533പേർക്ക് ആനുകൂല്യം നല്കി. ഇതേപോലെ വാഴകൃഷി പ്രോത്സാഹനം-ഗുണഭോക്തൃലിസ്റ്റിൽ 313 പേർ.ആനുകൂല്യം നല്കിയവർ 450,ഇടവിളകൃഷിക്ക് സഹായം-ഗുണഭോക്തൃലിസ്റ്റിൽ 111പേർ. ആനുകൂല്യം നല്കിയവർ 200, പച്ചക്കറി കൃഷിയക്ക് കൂലിചെലവ്, ജൈവ പച്ചക്കറി അടുക്കളതോട്ടം-ഗുണഭോക്തൃലിസ്റ്റിൽ 155 പേർ. ആനുകൂല്യം നല്കിയവർ 720 എന്നിങ്ങനെ ഗ്രാമസഭ തിരഞ്ഞെടുത്ത ഗുണഭോക്തൃലിസ്റ്റ് മറികടന്ന് വളരെ കൂടുതൽ പേർക്ക് ആനുകൂല്യം നല്കിയതായി കാണുന്നു. ലിസ്റ്റിൽ ഇല്ലാത്തവർക്ക് ആനുകൂല്യം നല്കിയത് സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

2.നടപ്പാക്കിയ 10 പ്രോജക്ടുകളുടേയും ഗുണഭോക്താക്കളുടെ അപേക്ഷകൾ, ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തിലുള്ള വരാണെന്ന് തെളിയിക്കുന്ന രേഖ-റേഷൻകാർഡ്/തിരിച്ചറിയൽ കാർഡ് പകർപ്പ് – എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

3.സബ്സിഡി മാർഗരേഖ കാർഷിക പ്രോജക്ടുകളുടെ ആനുകൂല്യം ചെറുകിട/നാമമാത്ര കർഷകർക്ക് പരിമിത പ്പെടുത്തിയിട്ടുണ്ട്. അതിനാൽ ആനുകൂല്യം കൈപ്പറ്റിയവർക്ക് കൃഷിഭൂമി സ്വന്തമായുണ്ടെന്ന് തെളിയിക്കേണ്ടത് അത്യാവശ്യമാണ്. എന്നാൽ നടപ്പാക്കിയ 10 പ്രോജക്ടുകളിലേയും ഗുണഭോക്താക്കൾക്ക് കൃഷിഭൂമി സ്വന്തമായുണ്ടെന്ന് തെളിയിക്കുന്നതിന് 2017-18സാമ്പത്തിക വർഷം കരം അടച്ച രസീതിന്റെ പകർപ്പ് ഹാജരാക്കിയിട്ടില്ല.

4.വിവിധ പ്രോജക്ടുകളിൽ വാങ്ങിയ നടീൽ വസ്തുക്കളും വളങ്ങളും ഗുണഭോക്താക്കൾ കൈപ്പറ്റിയത് തെളിയിക്കുന്ന രസീതോ ഗുണഭോക്താക്കളുടെ ഒപ്പോടുകൂടിയ വിതരണ രജിസ്റ്ററോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

5.വാഴകൃഷി വ്യാപനം, വീട്ട് വളപ്പിൽ മഞ്ഞൾ കൃഷി, ജൈവപച്ചക്കറി അടുക്കള തോട്ട പ്രോത്സാഹനം, കുറ്റികുരുമുളകും ജൈവവളവും എന്നീ പ്രോജക്ടുകളിൽ ഗുണഭോക്തൃവിഹിതം പിരിച്ചിട്ടുണ്ടെങ്കിലും അതിന്റെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

6.വെറ്റിലകൃഷിക്ക് ഇൻസന്റീവ് എന്ന പ്രോജക്ടിൽ 93പേർക്ക് വികസന ഫണ്ട് 450000രൂപ ഡിബിറ്റിയായി നല്കിയതായി കാണുന്നു. ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. അതിനാൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്കു തന്നെയാണ് തുക കൈമാറിയിരിക്കുന്നതെന്ന് തെളിയിക്കപ്പെടുന്നില്ല. മാത്രമല്ല മാർഗരേഖ അനുസരിച്ച് ഇത്തരം പ്രോജക്ടുകളിൽ ഗുണഭോക്താക്കൾക്ക് അർഹമായ കൂടിയ സബ്സിഡി 75%മാണ്. ഗുണഭോക്താക്കൾ വളം വാങ്ങിയതിന്റെ ബില്ല് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. അതിനാൽ മാർഗരേഖ അനുസരിച്ചാണ് സബ്സിഡി നല്കിയതെന്ന് ഉറപ്പാക്കാനാകുന്നില്ല.

7.നെൽകൃഷിക്ക് രണ്ട് പദ്ധതികൾ (പ്രോജക്ട്.113, പ്രോജക്ട്.183) നടപ്പാക്കി. നെൽവിത്ത് വാങ്ങിയത് കേരള സംസ്ഥാന വിത്ത് വികസന ഏജൻസിയിൽ നിന്നാണ്. ഏജൻസിയുടെ ബില്ല് കൃഷി ഓഫീസറുടെ പേരിലാണ്. എന്നാൽ വിത്ത് വിതരണം ചെയ്തിരിക്കുന്നത് പാടശേഖരസമിതി സെക്രട്ടറിമാരാണ്. പത്രിക പരിശോധിച്ച് വിവരങ്ങൾ കൃത്യമാണെന്നും പത്രികയിലെ പേരുകാർക്ക് നെല്ല് വിത്ത് വിതരണം

ചെയ്തിട്ടുണ്ടെന്നും നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. അതിനാൽ പത്രിക ആധികാരികമാണെന്ന് ഓഡിറ്റ് കണക്കാക്കുന്നില്ല. മാത്രമല്ല പത്രികയിലെ പേരുകാർ വിള ഇൻഷ്വറൻസ് എടുത്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിത്ത് കൈപ്പറ്റിയവരിൽ 10 പേർ മാത്രമാണ് ആകെ 68136രൂപ കൂലിചെലവ് വാങ്ങിയത്. 36 പേർ വിത്ത് കൈപ്പറ്റിയെങ്കിലും 10 പേർ മാർ മാത്രം കൂലിചെലവ് വാങ്ങിയത് പ്രോജക്ട് നിർവഹണത്തിന്റെ വിശ്വാസ്യത ചോദ്യം ചെയ്യുന്നു. ബാക്കി ഗുണഭോക്താക്കൾ കൂലിചെലവ് വാങ്ങാഞ്ഞതിന് വിശദീകരണമില്ല. ബ്ലോക്ക് - ജില്ലാപഞ്ചായത്ത് വിഹിതങ്ങളും പദ്ധതിക്ക് വിനിയോഗിച്ചിട്ടില്ല. 3.6 ലക്ഷം വകയിരുത്തിയ പദ്ധതിയിൽ 68136/- രൂപ മാത്രം ചെലവഴിച്ചതിനും വിശദീകരണമില്ല. ഡിബിറ്റി രീതിയിലാണ് കൂലിചെലവ് നല്കിയത്. ബാങ്ക് അക്കൗണ്ടുകൾ ഗുണഭോക്താക്കളുടേതാണെന്ന് തെളിയിക്കപ്പെട്ടിട്ടില്ല.

8.ബാങ്ക് വഴി ആനുകൂല്യം വിതരണം ചെയ്ത പ്രോജക്ടുകളിൽ ബാങ്ക് അക്കൗണ്ടുകൾ ഗുണഭോക്താക്കളുടേതാണ് എന്ന് തെളിയിക്കുന്ന രേഖയില്ല. ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ പദ്ധതി ആനുകൂല്യം ക്രഡിറ്റ് ചെയ്തു എന്ന് തെളിയിക്കുന്ന സാക്ഷ്യപത്രവുമില്ല.

9.പച്ചക്കറി കൃഷിക്ക് കൂലിചെലവ് എന്ന പദ്ധതിയിൽ എത്ര ഹെക്ടറിൽ പച്ചക്കറി കൃഷി ചെയ്തു എന്നതിന് രേഖയില്ല. ബ്ലോക്ക് വിഹിതത്തിന് നിർവഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കിയ വിനിയോഗ സാക്ഷ്യപത്രം അനുസരിച്ച് 10ഹെക്ടറിലാണ് പച്ചക്കറി കൃഷി നടത്തിയിരിക്കുന്നത്. സബ്സിഡി മാർഗരേഖ അനുസരിച്ച് ഇതിന് ചെലവഴിക്കാവുന്ന കൂടിയ സബ്സിഡി (ഹെക്ടറിന് 17000രൂപ നിരക്കിൽ) 170000രൂപയാണ്. എന്നാൽ മാർഗരേഖ ലംഘിച്ച് 299982 രൂപ ചെലവഴിച്ചു. അധികം തുക ചെലവഴിച്ചതിന് വിശദീകരണമില്ല.

10.കൃഷി ആവശ്യത്തിന് പമ്പ് സെറ്റ് എന്ന പദ്ധതിക്ക് ഗ്രാമപഞ്ചായത്ത് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതായി കാണുന്നില്ല. എന്നാൽ 6 ഗുണഭോക്താക്കൾക്ക് 58363 രൂപ ആനുകൂല്യം നല്കിയതായി കാണുന്നു. ഗ്രാമസഭ തിരഞ്ഞെടുക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കിയതിന് വിശദീകരണമില്ല.

മേൽ അപാകങ്ങൾ വ്യക്തമാക്കി നിർവഹണ ഉദ്യോഗസ്ഥന് ഓഡിറ്റ് അന്വേഷണം (നം.15/31.12.18) നല്കിയെങ്കിലും മറുപടി ലഭിച്ചില്ല. അപാകങ്ങൾ പരിഗണിച്ച് ആകെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു. കൃത്യമായ നിർവഹണ ചെലവ് രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസം ഒഴിവാക്കാവുന്നതാണ്. നിർവഹണ ഉദ്യോഗസ്ഥൻ അവകാശ പ്പെട്ടതുപോലെ രേഖകൾ പ്രളയത്തിൽ നഷ്ടപ്പെട്ടതാണെങ്കിൽ ആയത് അംഗീകരിച്ച സർക്കാർ സാധൂകരണ പത്രം ഹാജരാക്കിയും ഓഡിറ്റ് തടസം ഒഴിവാക്കാവുന്നതാണ്.

## 3-10 ആയുർവേദാശുപത്രിക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ യഥാസമയം ലഭിച്ചില്ല

പ്രോജക്ട് നം.S009/18

S009/18 നമ്പരായി അംഗീകാരം ലഭിച്ച 'ആയുർവേദാശുപത്രിക്ക് മരുന്ന് വാങ്ങൽ' എന്ന പ്രോജക്റ്റിനായി 10 ലക്ഷം രൂപ (ബിൽ നം.1/2017-18 തീയതി.11.10.2017) പിൻവലിച്ച് ഔഷധിയ്ക്ക് നൽകിയിരുന്നു. ടി തുകയിൽ 35360/- രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കാനുണ്ട്. ലഭിക്കുന്ന മരുന്നുകൾ യഥാസമയം സ്റ്റോക്കിൽ ചേർക്കുന്നില്ല. കൂടാതെ ലഭിക്കുന്ന മരുന്നുകൾ ഉപയോഗയോഗ്യമാണെന്നും സ്റ്റോക്കിൽ ചേർത്തിട്ടുണ്ടെന്നും മെഡിക്കൽ ഓഫീസർ സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. കരാർ പ്രകാരം പണം കൈപ്പറ്റി 60 ദിവസത്തിനുള്ളിൽ മരുന്നുകൾ പൂർണ്ണമായി സപ്ലൈ ചെയ്യില്ലായെങ്കിൽ നഷ്ടപരിഹാരം നൽകാൻ ഔഷധിയ്ക്ക് ബാധ്യതയുണ്ട്. പെയ്മെന്റ് നൽകി ഒരു വർഷം പിന്നിട്ടിട്ടും മരുന്നുകൾ പൂർണ്ണമായി ലഭിക്കാതിരുന്നത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.2 തീയതി. 24.12.2018) മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കി അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ലഭിക്കാനുള്ള മരുന്നിന്റെ ചെലവ് തുക (35360/-) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ലഭിക്കേണ്ട മരുന്നുകൾ യഥാസമയം ലഭിക്കുന്നതിനും മരുന്നുകൾ കൃത്യമായി സ്റ്റോക്കിൽ എടുത്ത് വിതരണം നടത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 3-11 തൊഴിൽ രഹിത വേതന വിതരണം സംബന്ധിച്ച അപാകതകൾ

തൊഴിൽ രഹിത വേതന വിതരണം, രേഖകൾ പരിപാലിക്കൽ എന്നിവയിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അടിസ്ഥാന വിവര രജിസ്റ്റർ പ്രകാരം ശ്രീമതി. ഫൗസിയ ചരിവുകാലായിൽ (പേജ്.നം.4, MP-6/15) എന്ന വ്യക്തിയുടെ ജനനതീയതി 25.05.1980 ആണ്. ഇത് പ്രകാരം 05/2015 വരെ മാത്രമാണ് ടിയാൾക്ക് തൊഴിൽരഹിത വേതനത്തിന് അർഹതയുള്ളത്. എന്നാൽ 06/2015 മുതൽ 09/2016 വരെയുള്ള കാലയളവിലെ 16 മാസത്തെ വേതനം (16x120=1920/-) അധികമായി വാങ്ങി. (കൈപ്പറ്റ് തീയതികൾ - 21.3.2017, 26.8.2017, 20.7.2018).

തൊഴിൽ രഹിത വേതനം കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ അടിസ്ഥാന വിതരണ രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർക്കുന്നില്ല. അടിസ്ഥാന വിവര രജിസ്റ്ററിൽ ഗുണഭോക്താക്കളുടെ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ നം., ഫോട്ടോ, റോൾ നം, ജനന തീയതി, ഫോൺ നമ്പർ, പൂർത്തിയാകുന്ന തീയതി തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ചേർത്തിട്ടില്ല. അക്വിറ്റൻസ് രജിസ്റ്ററിൽ ഗുണഭോക്താക്കൾ തുടർച്ചയായ മാസങ്ങളിൽ (2 തവണയിൽ കൂടുതൽ) വേതനം വാങ്ങാതിരുന്നിട്ടും അത്തരം ഗുണഭോക്താക്കളുടെ വേതനം റദ്ദ് ചെയ്തിട്ടില്ല. ടി രേഖപ്പെടുത്തലുകളുടെ അഭാവത്തിൽ കാലവധി കഴിഞ്ഞും വേതനം കൈപ്പറ്റാനുള്ള സാഹചര്യം നിലനിൽക്കുന്നു.

മേൽ വിഷയങ്ങൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11 തീയതി.29.12.2018) അധികമായി നൽകിയ 1920/- രൂപ ടിയാളിൽ നിന്ന് ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ ഒടുക്ക് വരുത്തുന്നതാണെന്നും ചൂണ്ടിക്കാണിച്ച അപാകതകൾ പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് അധികമായി വിതരണം ചെയ്ത തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300000 | 220/17, 193/16 | 299994 | 6 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 533136 | ,, | 498073 | 35063 |

## 4-2. ഡിപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| പി.ഡബ്ല്യൂ.ഡി, ഇലക്ട്രിക്കൽ ഡിവിഷൻ | പ്രോജക്റ്റ്:7/17-18, അങ്കണവാടികളുടെ വൈദ്യുതീകരണം | 1822709 | 0 | 1822709 |
| കെ.എസ്.ഇ.ബി, മുളക്കുഴ | പ്രോജക്റ്റ് നം.63/17-18, സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 2172850 | 0 | 2172850 |
| കെ.എസ്.ഇ.ബി, കുളനട | പ്രോജക്റ്റ് നം.63/17-18, സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 429545 | 0 | 429545 |
| കെ.എസ്.ഇ.ബി, ചെങ്ങന്നൂർ | പ്രോജക്റ്റ് നം.63/17-18, സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 91961 | 0 | 91961 |
| കേരള വാട്ടർ അതോറിറ്റി, മാവേലിക്കര | പ്രോജക്റ്റ് നം.67/17-18, പള്ളിമോടി പദ്ധതിയുടെ ലൈൻ എക്സ്റ്റൻഷൻ | 317000 | 0 | 317000 |
| കെ.എസ്.ഇ.ബി, വെണ്മണി | പ്രോജക്റ്റ് നം.233/17-18, ചാങ്ങപ്പാടം പാടശേഖരത്തിലെ പമ്പ് സെറ്റിന് വൈദ്യുതി കണക്ഷന് വേണ്ടി ലൈൻ എക്സ്റ്റൻഷൻ | 151150 | 0 | 151150 |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

--ഇല്ല--

## 4-5. സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1245907 |
| തൻവർഷം നിക്ഷേപിച്ച തുക(പലിശ) | 42763 |
| ആകെ | 1288670 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 1288670 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| IOB, F.D | 1288670 |
| ആകെ | 1288670 |

## 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 4704/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2015-16 | 3-14 | 4704 | ആനന്ദവല്ലി – അസിസ്റ്റന്റ് എഞ്ചിനീയർ | 117040104311/05.01.2018<br>117040104312/05.01.2018 |

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

--ഇല്ല--

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 67159408 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 72423189 |
| വരവിനങ്ങളിലുള്ള നഷ്ടം | : | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 51920 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3519237 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-6 | | 50000 | ശ്രീ. അനിൽ.ജി,വി.ഇ.ഒ |
| 3-12 | | 1920 | ശ്രീ. സുനിൽ കുമാർ.ജി, സെക്രട്ടറി |
| ആകെ | | 51920 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 73404 | ഡോ. ഉഷ.എസ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-5 | 50000 | ശ്രീ. അനിൽ.ജി, വി.ഇ.ഒ |
| 3-7-1 | 50453 | ശ്രീമതി.ഓമന അമ്മാൾ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-7-2 | 49930 | |

| | | |
|---|---|---|
| 3-8-1 | 379725 | ശ്രീമതി.ജെസ്സി,ഹെഡ്മിസ്ട്രസ് |
| 3-8-2 | 46144 | |
| 3-9 | 2834221 | ശ്രീ.ബെഞ്ചി ഡാനിയൽ, കൃഷി ഓഫീസർ |
| 3-10 | 35360 | ഡോ.ശ്രീജ, മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) |
| ആകെ | 3519237 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അനിൽ.ജി, വി.ഇ.ഒ | വി.ഇ.ഒ, പാലമേൽ ഗ്രാമ പഞ്ചായത്ത് | വല്യത്ത് തെക്കേതിൽ, എരുമക്കുഴി, നൂറനാട്.പി.ഒ, ആലപ്പുഴ |
| ശ്രീ.സുനിൽകുമാർ.ജി, സെക്രട്ടറി | സെക്രട്ടറി,ചെറിയനാട് ഗ്രാമ പഞ്ചായത്ത് | തട്ടാരയ്യത്ത്, എരുമക്കുഴി, നൂറനാട്.പി.ഒ,ആലപ്പുഴ |
| ഡോ.ഉഷ.എസ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), മുളക്കുഴ | നിവേദിത, നിറക്കാട്ട്, മാന്നാർ, ആലപ്പുഴ |
| ശ്രീമതി.ഓമന അമ്മാൾ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, മുളക്കുഴ ഗ്രാമ പഞ്ചായത്ത് | എടപ്പാട്ട് കിഴക്കേതിൽ, ചെറിയനാട്.പി.ഒ,ചെങ്ങന്നൂർ |
| ശ്രീമതി.ജെസ്സി, ഹെഡ്മിസ്ട്രസ്സ് | ഹെഡ്മിസ്ട്രസ്സ്,ഗവ.എൽ.പി.എസ്, മുളക്കുഴ ഗ്രാമ പഞ്ചായത്ത് | പാക്കകണ്ടത്തിൽ ജോയ് കോട്ടേജ്, കാരിത്തോട്ട.പി.ഒ, കിടങ്ങന്നൂർ, ചെങ്ങന്നൂർ |
| ശ്രീ.ബെഞ്ചി ഡാനിയൽ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, നാറാണമുഴി ഗ്രാമ പഞ്ചായത്ത്, പത്തനംതിട്ട | ബിജോയ് വില്ല, കല്ലിമേൽ പി.ഒ, മാവേലിക്കര |
| ഡോ.ശ്രീജ, മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം), വെളിയം ആയുർവ്വേദ ഡിസ്പെൻസറി, കൊല്ലം | ലക്ഷ്മി വിലാസം, ഓനാവട്ടം.പി.ഒ, കൊല്ലം |

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 (ചെലവ്) | എൽ.എഫ്.എ 9-322/01/28.6.01 |
| 1998-99 | എൽ.എഫ്.എ-992/02/28.6.01/11.11.02 |
| 2000-01 | എൽ.എഫ്.എ-822/05/31.1.06/31.3.06 |
| 1997-98 (വരവ്) | എൽ.എഫ്.എ 11-149/08/30.7.08/7.11.08 |
| 2003-04 | എൽ.എഫ്.എ-11 -28/10/8.4.10/12.5.10 |
| 2004-05 | എൽ.എഫ്.എ-11-29/10/.8.04.10/12.5.10 |
| 2006-07 | എൽ.എഫ്.എ -2-1482/10/20.6.11/2.7.11 |
| 2007-08 | എൽ.എഫ്.എ -2-1483/10/20.6.2011/2.7.11 |
| 2008-09 | എൽ.എഫ്.എ -പി5-1485/20.6.11/18.7.11 |
| 2009-10 & 10-11 | എൽ.എഫ്.എ -പി 5--1402/12/18.12.12/14.3.13 |
| 2011-12, 2012-13 | എൽ.എഫ്.എ- പി5-1315/2014/11.12.14/31.1.2015 |
| 2013-14 | കെ.എസ്.എ-എ.എൽ.പി-പി5-1192/15/15-09-2015 |
| 2014-15 | കെ.എസ്.എ-എ.എൽ.പി-പി 5-828/16/29.07.16 |
| 2015-16 | നം.കെ.എസ് .എ.എ. എൽ.പി.5-18/2017 /30/01/2017 |
| 2016-17 | നം.കെ.എസ്.എ-എ.എൽ.പി.5-1375/2017/13.11.2017 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ആലപ്പുഴ

## അനുബന്ധം.1

കെ.എസ്.എ-എ.എൽ.പി./ജി.എ4-1126(52)/2018 തീയതി: 03.07.2018

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018 /ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മുളക്കുഴ ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

**<u>അനുബന്ധം.2</u>**

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ല ഓഡിറ്റ് കാര്യാലയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്